"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി സെക്രട്ടറിയായിരുന്ന ശ്രീ.ആർ.ലാലുവിനെതിരായി KCS(CC&A)Rules 1960 Rule 16 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്ക നടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.808/2026/LSGD തീയതി,തിരുവനന്തപുരം, 23-03-2026

---

പരാമർശം:-

1. വിജിലിൻസ് ആന്റ് കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.10.2016 തീയതിയിലെ ഇ10(എസ്.സി 31/16/സി.ആർ.ഇ/കെ.ഡബ്ല്യു.എ) 15350/2016 നമ്പർ കത്ത്.
2. 31.07.2017 തീയതിയിലെ ഇയു1/106/2017/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. ജി.സി.ഡി.എ സെക്രട്ടറിയുടെ 27.07.2018 തീയതിയിലെ 2443/ജി3/2018/ജി.സി.ഡി.എ. നമ്പർ കത്ത്.
4. ശ്രീ.ആർ.ലാലു സമർപ്പിച്ച 10.10.2017, 03.11.2024-ലെ തീയതിയികളിലെ പ്രതിവാദപത്രികൾ.
5. നഗരകാര്യവകുപ്പ ഡയറക്ടറുടെ 21.02.2019-ലെ വി3/19689/17 നമ്പർ കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2024 & 30.08.2025-തീയതി കളിലെ LSGD/PD/71241/2023-VIGC4 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി വക പനമ്പിള്ളി നഗർ ഷോപ്പിംഗ് കോംപ്ലക്സിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് റോഡ് കുഴിച്ചതിനു ശേഷം കോൺക്രീറ്റ് ചെയ്തു അടയ്ക്കാതെയും, വാട്ടർകണക്ഷന് അപേക്ഷിച്ച വ്യക്തിയുടെ പേരിൽ അനധികൃത വാട്ടർ ടാങ്ക് നിർമ്മാണത്തിനെതിരെ പരാതി നിലനിൽക്കെ കേരള വാട്ടർ അതോറിറ്റി ജീവനക്കാർ മറ്റു ഉദ്ദേശ്യത്തോടെ കണക്ഷൻ നൽകി എന്നുമാരോപിച്ച് ലഭിച്ച പരാതിയിന്മേൽ 21.06.2016-ൽ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം ഓഫീസ് കേരള വാട്ടർ അതോറിറ്റി പള്ളിമുക്ക് വാട്ടർ വർക്സ് സെക്ഷൻ-3 ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ എറണാകുളം പനമ്പള്ളി നഗർ 3rd ക്രോസ് റോഡിൽ ജി. എസ്.ഡി.എ കോംപ്ലക്സ് നം.27/3 11-A3 കടമുറിയ്ക്ക് മുന്നിൽ കടമുറിയുടെ അലോട്ടിയായ ശ്രീമതി. വിൽസി. എം. വർഗ്ഗീസ് പൊതുജനങ്ങൾക്കും മറ്റും ഉപദ്രവകരമായ നിലയിൽ തറനിരപ്പിൽ നിന്ന ഉയർത്തി ഫെറോ സിമന്റ് ടാങ്ക് നിർമ്മിച്ചതിനെതിരെ സമീപ കടകൾ നടത്തുന്ന ജി.സി.ഡി.എ. ഷോപ്പ് ഓണേഴ്സ് അസ്സോസിയേഷന്റെ പരാതി ലഭിച്ചിട്ടും, ആയത് പരിഹരിക്കാതെ ജി.സി.ഡി.എ

സെക്രട്ടറി വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് ഒപ്പവെച്ച് വാട്ടർ കണക്ഷൻ ലഭ്യമാക്കിയതായി കണ്ടെത്തിയിരുന്നു.

2) അശാസ്ത്രീയമായും, പൊതുജനങ്ങൾക്കും മറ്റ് ഉപദ്രവകരമായ നിലയിൽ ഗ്രൗണ്ട് ലെവലിൽ നിന്നും ഉയർത്തി സ്ഥാപിച്ച വാട്ടർ ടാങ്കിനെതിരെ പരാതി നിലനിൽക്കെ ആയത് പരിഹരിക്കാതെ വാട്ടർ കണക്ഷൻ നൽകുന്നതിന് വേണ്ടി എഗ്രിമെന്റ് വച്ച് വാട്ടർ കണക്ഷൻ ലഭ്യമാക്കിയ നടപടി കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ഉത്തരവാദിത്തമില്ലായ്മയായും മേൽനോട്ടക്കുറവുമായി കണ്ട് മേൽ കൃത്യവിലോപത്തിന് ശ്രീ.ആർ. ലാലുവിനെ തിരെ 1960-ലെ കെ.സി.എസ്.(സി.സി & എ) ചട്ടങ്ങൾ പ്രകാരമുള്ള ലഘുശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ആയത് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ് എന്ന് അറിയിച്ച 31.07.2017 ൽ പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ടിയാളുടെ ടി പ്രവൃത്തി ഔദ്യോഗിക കൃതൃനിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കി ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം(5) പ്രകാരം നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരുടെ ശിപാർശയില്ലാതെയോ, ശിപാർശയ്ക്ക് വിരുദ്ധമായോ പ്രവർത്തിച്ചിട്ടുള്ളതായി കുറ്റാരോപണ മെമ്മോ പ്രകാരമോ ആരോപണ പത്രികയിലോ കാണുന്നില്ലായെന്നും ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചാൽ മാത്രമേ വസ്തുനിഷ്ഠമായ ഒരു മറുപടി നൽകുവാനാകുകയുള്ളൂവെന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ പ്രകാരം സാക്ഷികളെ സ്വാധീനിക്കാനും തെളിവ് നശിപ്പിക്കാനുമുള്ള സാധ്യത ഒഴിവാക്കുന്നതിലേയ്ക്ക്, സർവ്വീസിൽ നിന്നും മാറ്റി നിർത്തിയിരിക്കുന്ന സ്ഥിതിയ്ക്ക് ജി.സി.ഡി.എ ഓഫീസിലെ ഫയൽ പരിശോധിക്കുവാൻ തടസ്സമുണ്ടെന്നും ആയതിനാൽ ഓഫീസിനു പുറത്ത് വച്ച് ഫയലുകൾ പരിശോധിക്കുന്നതിന് ഒരു അവസരം ഒരുക്കി നൽകണമെന്നും ശ്രീ.ആർ.ലാലു, അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ആർ.ലാലുവിനെതിരായ നടപടികൾ സംബന്ധിച്ച് ജി.സി.ഡി.എ സെക്രട്ടറി പരാമർശം (3)പ്രകാരം ലഭ്യമാക്കിയ മൂന്ന് ഫയലുകൾ 15.10.2024 ഉച്ചയ്ക്ക് ശേഷം ശ്രീ.ആർ.ലാലുവിന് നേരിട്ട് ഹാജരായി പരിശോധിക്കാൻ അവസരം നൽകുകയുണ്ടായി.

4) പരാമർശം (4) പ്രകാരം, ശ്രീ.ആർ.ലാലു ലഭ്യമാക്കിയ 03.11.2024-ലെ അധിക പ്രതിവാദ പത്രികയിൽ മെമ്മോയിൽ ആരോപിക്കുന്നതു പോലെ ഔദ്യോഗിക കൃതൃനിർവ്വഹണത്തിൽ ഉത്തരവാദിത്തമില്ലായ്മയോ മേൽനോട്ടക്കുറവോ തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്ന വസ്തുത പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ ബോധ്യപ്പെടുന്നുണ്ടെന്നും മെമ്മോയിൽ പരാമർശിക്കുന്ന പരാതി ജി.സി.ഡി.എ ഓഫീസിൽ ലഭിച്ചത് 12.10.2015-ന് ആണെന്നും ആയതിൻ മേൽ അന്വേഷണം നടത്തി പരാതി പരിഹരിക്കുന്നതിനുള്ള വ്യക്തമായ ഉത്തരവ് 12.11.2015-ന് തന്നെ താൻ ഇറക്കിയിട്ടുള്ളതായും, പരാതി പരിഹരിക്കാൻ കടമുറിയുടെ അലോട്ടി തയ്യാറാകാതെ വരുന്ന പക്ഷം ടി പ്രവൃത്തി ജി.സി.ഡി.എ നേരിട്ട് നടത്തി ചെലവ് അലോട്ടിയിൽ നിന്നും ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നതായും ഫയൽ പ്രകാരം കാണാവുന്നതാണെന്നും വാട്ടർ കണക്ഷൻ കിട്ടുന്നതിലേയ്ക്ക് K.W.A-യുമായി വയ്ക്കേണ്ട കരാറിൻറെ അസ്സൽ ഒപ്പ് വയ്ക്കാവുന്നതാണ് എന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ശിപാർശ ചെയ്തതനുസരിച്ചാണ് 12.04.2016-ന് താൻ അസ്സൽ കരാറിൽ ഒപ്പ് വച്ചിട്ടുള്ളത് എന്നും, പ്രസ്തുത ഫയലിൽ പരാതി പരിഹരിക്കപ്പെടാതെ തുടരുന്നു എന്ന കാര്യം കീഴ്ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടിയിരുന്നില്ല എന്നതും ഫയൽ പ്രകാരം വ്യക്തമാകുന്നുണ്ടെന്നും കുറ്റാരോപണ മെമ്മോയും താൻ നൽകിയ മറുപടിയും സംബന്ധിച്ച് അന്വേഷണം നടത്തി റിമാർക്സ്

സഹിതമുള്ള റിപ്പോർട്ട് 30.10.2017-ന് കൊച്ചി റീജണൽ ജോയിന്റ് ഡയറക്ടർ നൽകിയിരുന്നതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നുവെന്നും ആയതിൽ തന്റെ ഭാഗത്തു നിന്നും അനാസ്ഥയോ വീഴ്ചയോ സംഭവിച്ചിട്ടുള്ളതായി പറയുന്നില്ല എന്നും, പരാതി പരിഹരിക്കപ്പെട്ടിട്ടുള്ളതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അറിയിക്കുകയുണ്ടായി. 150-ൽ അധികം ജീവനക്കാരുള്ള ഓഫീസാണ് ജി.സി.ഡി.എ-യുടേതെന്നും താൻ ചാർജ് എടുത്ത ദിവസം തന്നെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, സീനിയർ ടൗൺ പ്ലാനർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തുടങ്ങിയവർക്ക് സെക്രട്ടറിയുടെ ചുമതലകൾ രേഖാമൂലം ഏൽപ്പിച്ചു കൊടുത്തു കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുള്ളതാണെന്നും രണ്ടായിരത്തോളം കടമുറികൾ ജി.സി.ഡി.എ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ വാട്ടർ കണക്ഷൻ വേണ്ടി വരുമ്പോൾ സെക്രട്ടറി K.W.A-യുമായി കരാർ വയ്ക്കേണ്ടി വരുന്നുണ്ടെന്നും ഓരോ ദിവസവും നിരവധി പരാതികളും ലഭിയ്ക്കുന്നുണ്ടെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ശിപാർശ ചെയ്യുന്ന സംഗതികളിൽ മുൻ കാലങ്ങളിൽ ലഭിച്ച പരാതികൾ ഏതെങ്കിലും പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉണ്ടെന്നും സെക്രട്ടറിക്ക് ഇക്കാര്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ട ആവശ്യമില്ലാത്തതും ആയത് പ്രായോഗികമല്ലാത്തതുമാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

5) ശ്രീ.ആർ.ലാലു-വിന്റെ ഭാഗത്ത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മേൽനോട്ട കുറവ് സംഭവിച്ചിട്ടുണ്ട് എന്ന അഭിപ്രായമാണ് 30.08.2025-ലെ പരാമർശം (6) കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 10.10.2017-ലെ പ്രതിവാദപത്രികയിൽ നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ 27.02.2026 രാവിലെ 11.30 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി ഓൺലൈനായി ശ്രീ.ആർ.ലാലു-വിനെ നേരിൽ കേൾക്കുകയുണ്ടായി. അധിക പ്രതിവാദപത്രികയിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ തന്നെയാണ് ടിയാൾ ഹിയറിങ്ങ് വേളയിലും ആവർത്തിച്ചിട്ടുള്ളത്.

6) ആരോപണവിധേയമായ കേസിൽ GCDA-യുടെ ബന്ധപ്പെട്ട ഫയൽ പകർപ്പുകൾ പരിശോധിച്ചതിൽ GCDA കോംപ്ലക്സിലെ കടമുറി നം.23 (കൊച്ചി കോർപ്പറേഷൻ നം. 27/311) ന് വാട്ടർ കണക്ഷൻ കിട്ടുന്നതിലേക്ക് ശ്രീമതി.വിൽസി.എം.വർഗീസ് എന്ന വ്യക്തി 05.04.14-ൽ GCDA Secretary-ക്ക് അപേക്ഷ സമർപ്പിച്ചതായും തുടർന്ന് 04.06.2014-ൽ, ടി അപേക്ഷയിൻമേൽ നിബന്ധനകളോടെ അനുമതി നൽകിയതായും 18.09.2014-ൽ അപേക്ഷക സപ്പോർട്ടിംഗ് documents സഹിതം വാട്ടർ കണക്ഷനുള്ള അപേക്ഷ, GCDA Secretary-ക്ക് നൽകിയതിൽ സെക്യൂരിറ്റി തുകയായ 15,000 രൂപ അടയ്ക്കാൻ 26.09.2014-ൽ അപേക്ഷകയ്ക്ക് മറുപടി നൽകിയതായും കാണുന്നു. 26.11.2014 ൽ KWA മുമ്പാകെ സമർപ്പിക്കാൻ Ownership സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷക GCDA Secretary- ക്ക് അപേക്ഷ നൽകി. 11.04.2016-ൽ KWA-യുമായി Agreement execute ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷക GCDA Secretary- ക്ക് അപേക്ഷ നൽകിയതിൽ 12.4.2016-ൽ ശിപാർശയോടെ സൂപ്രണ്ടിംഗ് എഞ്ചിനീയർ സെക്രട്ടറിക്ക് സമർപ്പിച്ചതായും ,തുടർന്ന് ടി വാട്ടർ കണക്ഷനുവേണ്ടി സെക്രട്ടറി 12.04.2016 ൽ KWA-യുമായി എഗ്രിമെൻറ് ഒപ്പ് വച്ചതായുമാണ് കാണുന്നത്.

7) വിൽസി,എം. വർഗ്ഗീസ് തറനിരപ്പിൽ നിന്ന് ഉയരത്തിൽ ഫെറോസിമന്റ് ടാങ്ക് വച്ചിട്ടുള്ളത് വാഹന പാർക്കിംഗിന് ബുദ്ധിമുട്ടാണെന്ന് കാണിച്ച് 12.10.2015-ൽ GCDA Secretary-ക്ക് mass petition ലഭിച്ചു. തുടർന്ന് ടിയാൾ നിർമ്മിച്ച ടാങ്ക് നിലനിരപ്പിൽ നിന്ന് താഴ്ത്തി വയ്ക്കുന്നതിനും അല്ലാത്ത പക്ഷം GCDA സ്വന്തം ചെലവിൽ പ്രവൃത്തി ഏറ്റെടുത്ത് തുക അലോട്ടിയിൽ നിന്ന് ഈടാക്കാനും 12.11.2015-ൽ സെക്രട്ടറി ഉത്തരവായിരുന്നു. അതിൻ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ 13.11.2015-ന് എസ്റ്റേറ്റ്

വിഭാഗത്തിനും (പകർപ്പ് പ്ലാനിംഗ് വിഭാഗത്തിനും) കുറിപ്പ് നൽകിയതായി കാണുന്നു. GCDA Secretary-ക്ക് സമർപ്പിച്ചതുപൊലെയുള്ള പരാതി കൊച്ചി കോർപ്പറേഷനിലും പരാതിക്കാർ സമർപ്പിച്ചിരുന്നു. ആയതിന്മേൽ നടപടി സ്വീകരിക്കാൻ GCDA-ക്ക് അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് 19.01.2016-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ എസ്റ്റേറ്റ്/പ്ലാനിംഗ് വിഭാഗങ്ങൾക്ക് 13.11.2015-ലെ കുറിപ്പിന്മേൽ നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടതായി കാണുന്നുവെങ്കിലും, എസ്റ്റേറ്റ് വിഭാഗത്തിൽ നിന്നും അലോട്ടിയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളത് 25.07.2016-ൽ മാത്രമാണ്. ഇക്കാര്യത്തിൽ എസ്റ്റേറ്റ് വിഭാഗത്തിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടില്ലെന്ന് കാണുന്നു. Engineering വിഭാഗത്തിൽ നിന്നും നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് തുടർനടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്. എഗ്രിമെൻറ് ഒപ്പ് വയ്ക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ ഇത്തരത്തിൽ ഒരു പരാതി നിലവിലുള്ള കാര്യം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല. പരാമർശിത വാട്ടർ ടാങ്ക് താഴ്ത്തി സ്ഥാപിച്ചതായി അതോറിറ്റിയിൽ നിന്നും 18.8.16 ൽ കൊച്ചി കോർപ്പറേഷനെ അറിയിച്ചിട്ടുള്ളതായി കാണുന്നു.

8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് ഉപദ്രവകരമായ നിലയിലും തറനിരപ്പിൽ നിന്നും ഉയരത്തിൽ ടാങ്ക് പണിതതിനെ തുടർന്ന് 12.10.2015-ൽ ജി.സി.ഡി.എ ഷോപ്പ് ഓണേഴ്സ് അസ്സോസിയേഷൻ അംഗങ്ങൾ ജി.സി.ഡി.എ സെക്രട്ടറിക്ക് ഒരു മാസ് പെറ്റീഷൻ നൽകിയിരുന്നുവെങ്കിലും ആയത് പരിഹരിക്കപ്പെടാതെ വാട്ടർ കണക്ഷൻ നൽകുന്നതിനു വേണ്ടി 16.04.2016-ൽ ജി.സി.ഡി.എ സെക്രട്ടറിയായിരുന്ന ശ്രീ ആർ. ലാലു വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ച പ്രവൃത്തിയിൽ ടിയാളുടെ ഭാഗത്ത് മനപൂർവം വീഴ്ച സംഭവിച്ചതായി കാണുന്നില്ല. ടി സാഹചര്യത്തിൽ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി സെക്രട്ടറിയായിരുന്ന ശ്രീ.ആർ.ലാലുവിനെതിരായി പരാമർശം (2) പ്രകാരം KCS(CC&A)Rules 1960 ചട്ടങ്ങൾ പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി ടിയാളെ കുറ്റവിമുക്തനാക്കിക്കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം (ഇ10(എസ്.സി 31/16/സി.ആർ.ഇ/കെ.ഡബ്ല്യു.എ) 15350/2016).
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തൃശ്ശൂർ
കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
ശ്രീ.ആർ.ലാലു, ജോയിന്റ് ഡയറക്ടർ(റിട്ട.) തദ്ദേശസ്വയംഭരണ വകുപ്പ്, നന്ദനം, പുത്തൻകുളം, കൊല്ലം-691302
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ജലവിഭവ(ജലവിതരണ-ബി) വകുപ്പ്(ഡബ്ല്യു.എസ്-ബി1/161/16/ജ.വി.വ. 23.02.2017)
വിജിലൻസ്(എഫ്) വകുപ്പ്(VIG-F2/183/2026 തീയതി 16.03.2026)
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-03-2026 11:35:48
സെക്ഷൻ ഓഫീസർ